നം.എസ്.എസ്.ജി-1-ഇ /74/2019/റ്റി.സി.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി, 12/12/2019.

# സർക്കുലർ നം.14/2019

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — മറ്റ് സംസ്ഥാനങ്ങളിലെ ഡ്രൈവിംഗ് ലൈസൻസ് നമ്മുടെ സംസ്ഥാനത്ത് അഡ്രസ്സ് മാറ്റുന്നതും പുതുക്കുന്നതും — സംബന്ധിച്ച്.

സൂചന :- 1. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതി പരിഹാര വെബ് സൈറ്റായ CMO പോർട്ടലിൽ ശ്രീ.വിശ്വനാഥ് സി.പിള്ളയുടെ പരാതി.
2. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലെ 28/07/2019 തീയതിയിലെ RT-11036/10/2019 –ലെ നിർദ്ദേശങ്ങൾ.

സൂചന(1) പ്രകാരം ശ്രീ.വിശ്വനാഥ് സി.പിള്ള, അദ്ദേഹത്തിന്റെ മഹാരാഷ്ട്രയിൽ നിന്ന് സമ്പാദിച്ച ഡ്രൈവിംഗ് ലൈസൻസ് അഡ്രസ്സ് മാറ്റുന്നതിനും, പുതുക്കുന്നതിനുമായി നമ്മുടെ സംസ്ഥാനത്തെ ഒരു ഓഫീസിൽ സമീപിച്ചപ്പോൾ NOC ആവശ്യപ്പെടുകയും അതിനുവേണ്ടി മഹാരാഷ്ട്രയിൽ പോകുന്നത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നതുമാണെന്ന് പരാതിപ്പെട്ടിരിക്കുന്നു.

മേൽ വിഷയം പരിശോധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

കേന്ദ്രീകൃത സോഫ്റ്റ്‌വെയർ ആയ സാരഥി രാജ്യത്തെ മിക്കവാറും എല്ലാ സംസ്ഥാനങ്ങളും നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇവിടങ്ങളിലെ ലൈസൻസ് വിവരങ്ങൾ സാരഥി സോഫ്റ്റ്‌വെയറിൽ ലഭ്യമായിരിക്കും. സാരഥി നടപ്പിൽ വരുത്താത്ത ഏതാനും ചില സംസ്ഥാനങ്ങളുണ്ടെങ്കിലും അത്തരം സംസ്ഥാനങ്ങളലെ ലൈസൻസ് വിവരങ്ങൾ സാരഥി - NR—ൽ ലഭ്യമായിരിക്കും അതുമല്ലെങ്കിൽ അത്തരം സംസ്ഥാനങ്ങളുടെ മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ വിവരങ്ങൾ ലഭ്യമായിരിക്കും.

മറ്റു സംസ്ഥാനങ്ങളിൽ നിന്ന് നൽകിയ ഡ്രൈവിംഗ് ലൈസൻസുമായി അഡ്രസ്സ് മാറ്റത്തിനോ പുതുക്കുന്നതിനായോ നമ്മുടെ ഓഫീസുകളിൽ ലഭിക്കുന്നപക്ഷം മേൽ പ്രസ്താവിച്ച സൈറ്റുകളിൽ കൂടി ഡ്രൈവിംഗ് ലൈസൻസിന്റെ ആധികാരികത പരിശോധിക്കാവുന്നതാണ്. അത്തരം ലൈസൻസുകൾക്ക് യാതൊരു കാരണവശാലും അതാത് സംസ്ഥാനങ്ങളിൽ നിന്നുള്ള

NOC ആവശ്യപ്പെടാൻ പാടില്ലാത്തതാകുന്നു. സാരഥി സോഫ്റ്റ്‌വെയറിൽ ഇത്തരം ഡ്രൈവിംഗ് ലൈസൻസുകൾ അഡ്രസ് മാറ്റുന്നതിനും, പുതുക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം ഉപയോഗപ്പെടുത്തി ഇത്തരം അപേക്ഷകളിൻമേൽ താമസംവിനാ തീർപ്പുകൽപ്പിക്കേണ്ടതാണ്.

ലൈസൻസിന്റെ ആധികാരികതയെപറ്റി എന്തെങ്കിലും സംശയം തോന്നുന്ന പക്ഷം, അപേക്ഷകനോട് NOC കൊണ്ടുവരുവാൻ ആവശ്യപ്പെടുവാൻ പാടുള്ളതല്ല. പകരം അതാത് ലൈസൻസിംഗ് അതോറിറ്റിയ്ക്ക് ആധികാരികമായി കത്ത്/ഇ-മെയിൽ മുഖാന്തിരം ആവശ്യപ്പെടാവുന്നതാണ്. ലൈസൻസിംഗ് അതോറിറ്റി / അഡീഷണൽ / അസിസ്റ്റന്റ് ലൈസൻസിംഗ് അതോറിറ്റിയ്ക്ക് വെബ് സൈറ്റ് മുഖാന്തിരം ലൈസൻസിന്റെ വിവരങ്ങൾ ലഭ്യമല്ല, എന്നും ലൈസൻസിന്റെ ആധികാരികതയിൽ സംശയത്തിന് ന്യായമായ കാരണങ്ങൾ ഉണ്ട് എന്നും പൂർണ്ണ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം കത്തുകൾ അയയ്ക്കുവാൻ പാടുള്ളൂ.

സൂചന(2) പ്രകാരമുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഇതേ വിഷയത്തിലുള്ള ഉത്തരവിന്റെ പകർപ്പ് താങ്കളുടെ അറിവിലേയ്ക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

കൂടാതെ ഇത്തരം അന്യ സംസ്ഥാന ലൈസൻസുകൾ അഡ്രസ്സ് മാറ്റം വരുത്തുന്നതിനുവേണ്ടി റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ സമീപിക്കുമ്പോൾ അപേക്ഷകനെ ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും സൂചന(1)-ൽ പ്രതിപാദിപ്പിക്കുന്ന തരത്തിലുള്ള പരാതികൾക്ക് യാതൊരു കാരണവശാലും അവസരം നൽകുവാൻ പാടുള്ളതല്ല എന്നും നിർദ്ദേശിക്കുന്നു.

ട്രാൻസ്പോർട്ട് കമ്മീഷണർ

മോട്ടോർ വാഹന വകുപ്പ്, കേരള